**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4547** **01-07-2024 - ൽ മറുപടിയ്ക്ക്**

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായി 7 ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | 2024 മെയ് 1-ന് ശേഷം നാളിതുവരെ നേരിട്ടുള്ള നിയമനത്തിനായി പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്ത തീയതി ഉൾപ്പെടെ വിശദമാക്കാമോ; | (ബി) | 2024 മെയ് 1 -ന് ശേഷം നേരിട്ടുള്ള നിയമനത്തിനായി 11.06.2024, 25.06.2024 തീയതികളിൽ 2 N J D ഒഴിവുകളും 25.06.2024 ന് നിലവിലുണ്ടായിരുന്ന 7 ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രൊമോഷൻ വഴി നികത്താനായുള്ള ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (സി) | നിലവിൽ സഹകരണ വകുപ്പിൽ സീനിയർ ക്ലർക്ക്/ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ഓഡിറ്റർ തസ്തികയിലേക്ക് പ്രൊമോഷൻ വഴി നികത്തുന്നതിനായി 11 ഒഴിവുകൾ ഉണ്ട്. |
| (ഡി) | ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഡി) | യോഗ്യരായ സീനിയർ ക്ലർക്ക്/സീനിയർ ടൈപ്പിസ്റ്റുമാരുടെ അഭാവത്തിൽ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ